കടലാക്രമണം തടയാൻ പുലിമുട്ടുകൾ

1189 [2155] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്തിന്റെ സംരക്ഷണത്തിനു കടലാക്രമണത്തിന്റെ ശക്തികുറയ്ക്കുന്ന പുലിമുട്ടുകൾ (ഗ്രോയിൻസ്) ഇടുന്നത് പ്രയോജനകരമാണെന്ന് അറിയാമോ;

(ബി) മുൻപ് ഗ്രോയിൻസ് ഉണ്ടായിരുന്ന പ്രദേശങ്ങളിൽ കടലാക്രമണക്കെടുതികൾ കാര്യമായി ഉണ്ടായില്ല എന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫോർട്ടുകൊച്ചി-ചെല്ലാനം മേഖലയിൽ അത്തരം എത്ര പുലിമുട്ടുകൾ ഇടുവാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു;

(ഡി) ആ ഭാഗത്തു എവിടെയെങ്കിലും ഗ്രോയിൻസ് ഇട്ടിട്ടുണ്ടോ;

(ഇ) ഇട്ടിട്ടില്ലെങ്കിൽ അതിനു കാരണമെന്ത് എന്നു വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥലങ്ങളിൽ ഗ്രോയിൻസ് ഇടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കടലാക്രമണത്തിന്റെ ശക്തികുറയ്ക്കുന്നതിനു ഇട്ടിരുന്ന ഗ്രോയിൻസിനു തുടർച്ചയായി നാശനഷ്ടങ്ങൾ ഉണ്ടാകുന്നതായി കണ്ടതിനാൽ കടൽത്തീരത്തിന്റെ സംരക്ഷണത്തിനു പുലിമുട്ടുകൾ ഇടുന്ന രീതി ഇപ്പോൾ നിലവിൽ ഇല്ല. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ ഫിഷിംഗ് ഗ്യാപ്പുകളിലും അഴിമുഖത്തും കോസ്റ്റൽ ഇറോഷൻവിംഗിന്റെ നിർദ്ദേശപ്രകാരം പുലിമുട്ടുകൾ ഇടുന്നുണ്ട്.

(സി) ഫോർട്ടു കൊച്ചി—ചെല്ലാനം മേഖലയിൽ ഇത്തരം മൂന്നു പുലിമുട്ടുകൾ ഇടുന്നതിനു ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ, എഫ്) ഇപ്പോൾ ആധുനിക സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കടൽഭിത്തികളാണ് കടലാക്രമണം തടയുവാൻ നിർമ്മിച്ചുവരുന്നത്. എന്നാൽ പുലിമുട്ടുകൾ വേണമെന്നു കോസ്റ്റൽ ഇറോഷൻ പഠനകേന്ദ്രത്തിന്റെ ഉപദേശം ലഭിക്കുകയാണെങ്കിൽ പണത്തിന്റെ ലഭ്യത അനുസരിച്ചു പുലിമുട്ടുകൾ ആ ഭാഗങ്ങളിൽ കെട്ടുന്നതാണ്.

Slums in Cochin City

1190 [2156] **Sri. Stephen Padua:** Will the Law and Irrigation Minister be pleased to state:

(a) Number and details of identified slums in Cochin city;

LIBRARY ARCHIVES Kerala Legislative Assembly